15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3026 — 25-06-2024 - ൽ മറുപടിയ്ക്ക്

പൊതുടാപ്പുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ള കണക്ഷൻ ലഭിക്കാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ; | (എ) | കേരളത്തിലെ നഗര പ്രദേശങ്ങളിൽ ഏകദേശം 11.65ലക്ഷം കുടുംബങ്ങളിലും ഗ്രാമ പ്രദേശങ്ങളിൽ ഏകദേശം 33.21ലക്ഷം കുടുംബങ്ങളിലും പൈപ്പ് കണക്ഷൻ ലഭ്യമാക്കാനുണ്ട്. |
| (ബി) | കുടിവെള്ള കണക്ഷൻ ലഭിക്കാത്ത നിരവധി കുടുംബങ്ങൾ ഉണ്ടെന്നിരിക്കെ പൊതുടാപ്പുകളുടെ എണ്ണം കുറച്ചു കൊണ്ടു വരാൻ നടപടി എടുത്തിട്ടുണ്ടോ; കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് എത്ര പൊതുടാപ്പുകൾ നീക്കം ചെയ്തിട്ടുണ്ടെന്ന കണക്കുകൾ നൽകാമോ; | (ബി) | സംസ്ഥാനത്ത് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല. പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതും നിലവിലുള്ളവ നിർത്തലാക്കുന്നതും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരമാണ്.<br>കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് കുറവ് വന്ന പൊതുടാപ്പുകളുടെ എണ്ണം ചുവടെ ചേർക്കുന്നു<br><br>മാർച്ച് 2019-ലെ പൊതു ടാപ്പുകളുടെ എണ്ണം (DCB പ്രകാരം)<br><br>പഞ്ചായത്ത്-1,53,993<br><br>മുൻസിപ്പാലിറ്റി- 31,209<br><br>കോർപ്പറേഷൻ-19,239<br><br>മാർച്ച് 2024-ലെ പൊതു ടാപ്പുകളുടെ എണ്ണം (DCB പ്രകാരം)<br><br>പഞ്ചായത്ത്-86,335<br><br>മുൻസിപ്പാലിറ്റി- 24,550<br><br>കോർപ്പറേഷൻ- 15,065<br><br>ടി കാലയളവിൽ കുറവ് വന്ന ടാപ്പുകളുടെ എണ്ണം<br><br>പഞ്ചായത്ത്- 67,658<br>മുൻസിപ്പാലിറ്റി- 6,659<br>കോർപ്പറേഷൻ- 4,174 |

| | | | |
|---|---|---|---|
| (സി) | ഇപ്രകാരം പൊതുടാപ്പുകളുടെ എണ്ണം കുറച്ച് കൊണ്ടു വരാനുള്ള തീരുമാനം കൈക്കൊള്ളുന്നതിലേക്ക് നയിച്ച സാഹചര്യം വെളിപ്പെടുത്തുമോ? | (സി) | സംസ്ഥാനത്ത് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിന് കേരള വാട്ടർ അതോറിറ്റി തീരുമാനമെടുത്തിട്ടില്ല. പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതും നിലവിലുള്ളവ നിർത്തലാക്കുന്നതും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരമാണ്. പുതിയവ സ്ഥാപിക്കുന്നതിനും വിച്ഛേദന പ്രവർത്തിക്കുമുള്ള ഡെപ്പോസിറ്റ് തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം വാട്ടർ അതോറിറ്റി നിശ്ചയിച്ച് നൽകുന്നുണ്ട്. പ്രസ്തുത തുക അടച്ചതിനു ശേഷമാണ് ടി പ്രവൃത്തികൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ